# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 5090** — **30.06.2014 -ലെ മറുപടിക്ക്**

## ബ്ലേഡ് മാഫിയയുടെ ഭീഷണി മൂലം ഒളിവിൽ പോയ കുടുംബം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ബ്ലേഡ് മാഫിയയുടെ ഭീഷണിയെതുടർന്ന് കാസർഗോഡ് ജില്ലയിൽ പെരിയ കുണിയയിലെ ശ്രീമതി അയിഷയുടെ കുടുംബം ഒരു വർഷമായിട്ട് ഒളിവിൽ കഴിയുന്ന പത്രവാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇവർക്ക് സ്വന്തം വീട്ടിൽ താമസിക്കാനുള്ള സംരക്ഷണവും ഇതു സംബന്ധിച്ച് നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഹർജിയിൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ശ്രീമതി അയിഷയുടെ പേരിൽ കേസുകൾ നിലവിലുള്ളതിനാൽ ടിയാൾ സ്റ്റേഷനിൽ ഹാജരായി പരാതി നൽകിയിട്ടില്ല. എന്നാൽ 05.06.2014-ൽ അയിഷ കാസർഗോഡ് ജില്ലാ പോലീസ് മേധാവിയ്ക്ക് നൽകിയ പരാതി ബേക്കൽ പോലീസിന് അന്വേഷണത്തിനായി നൽകിയിരുന്നു. അന്വേഷണത്തിൽ പരാതിയിൽ എതിർകക്ഷികളായിട്ടുള്ളവർ പരാതിക്കാരിയെ ഭീഷണിപ്പെടുത്തിയതായി വെളിവായിട്ടില്ല. പരാതി സംഗതി വ്യാജമാണെന്ന് തെളിഞ്ഞിട്ടുണ്ട്. |
| (സി) ബ്ലേഡ് മാഫിയയുടെ ഭീഷണിയെതുടർന്ന് ഒളിവിൽ കഴിയേണ്ടി വന്ന ശ്രീമതി അയിഷ കഴിഞ്ഞ വർഷം ഏപ്രിൽ 5-ന് വകുപ്പ് മന്ത്രിക്ക് രേഖാമൂലം നൽകിയ പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) കഴിഞ്ഞ വർഷം ഏപ്രിൽ 5ന് പരാതി ലഭിച്ചതായി കാണുന്നില്ല. എന്നാൽ 08.04.2013ൽ പരാതിക്കാരി അയിഷയും മറിയുമ്മ എന്ന സ്ത്രീയുമായി സംയുക്തമായി കാസർഗോഡ് ജില്ലാ പോലീസ് മേധാവിയ്ക്ക് ഒരു പരാതി നൽകിയിരുന്നു. പ്രസ്തുത പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കുവാനായി വിദ്യാനഗർ പോലീസ് സ്റ്റേഷൻ എസ്.ഐ.യ്ക്ക് നൽകുകയും അന്വേഷണത്തിൽ പ്രസ്തുത പരാതികാര്യം പണമിടപാട് സംബന്ധിച്ചുള്ളതിനാൽ സിവിൽ കോടതിയെ സമീപിച്ച് പരാതിയ്ക്ക് പരിഹാരം കാണാൻ ഉപദേശിച്ച് പരാതിയിൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ